"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, മോഡൽ റസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റലുകളിലേക്ക് ആവശ്യമായ തേയില വിതരണം ചെയ്യുന്നതിന് മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് അനുമതി നൽകിയ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.890/2024/SCSTD തീയതി,തിരുവനന്തപുരം, 09-10-2024

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02.08.2024 തീയതിയിലെ SCDD/3834/2024-C3(EDN C) നമ്പർ നടപടി ഉത്തരവ്.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23/08/2024 ലെ SCDD/3834/2024-C3 (EDN C) നം കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലുള്ള മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (MTPC) എന്ന സൊസൈറ്റിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി ടീ ഫാക്ടറിയുടെ ബ്രാൻഡ് ഉല്പന്നമായ 'പ്രിയദർശിനി വിശ്വാസ് ഗോൾഡ് ടീ', പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, എം.ആർ.എസ് ഹോസ്റ്റലുകളിലേക്ക് വാങ്ങുന്ന പക്ഷം നിലവിൽ തേയില വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിച്ച് പ്രിയദർശിനി ടീ ഫാക്ടറി നടത്തിപ്പിനും വയനാട് ജില്ലയിലുള്ള 300 ഓളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സഹായകരമാകുമെന്ന് മാനന്തവാടി സബ് കളക്ടർ ആന്റ് മാനേജിംഗ് ഡയറക്ടർ, മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അവശ്യപ്പെട്ടിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 83 പ്രീമെട്രിക് ഹോസ്റ്റലുകളിലും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ടി സ്ഥാപനങ്ങളിൽ നിന്നും ഇൻഡന്റ് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തേയില നേരിട്ട് വിതരണം ചെയ്യുന്നതിന് മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (MTPC) എന്ന സ്ഥാപനത്തിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും പ്രസ്തുത നടപടി സാധൂകരിച്ച് ഉത്തരവ് നൽകണമെന്നും പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 83 പ്രീമെട്രിക് ഹോസ്റ്റലുകളിലും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ടി സ്ഥാപനങ്ങളിൽ നിന്നും ഇൻഡന്റ് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തേയില നേരിട്ട് വിതരണം ചെയ്യുന്നതിന് മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (MTPC) എന്ന സ്ഥാപനത്തിന് അനുമതി നൽകിയ പട്ടികജാതി വികസന

വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,.എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 10-10-2024 14:08:42
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.